"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ- കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 38/14 നമ്പർ കേസിന്മേലുള്ള ബാലൻസ് തുക '4217-60-800-93 (Plan) ' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1143/2025/LSGD** **തീയതി, തിരുവനന്തപുരം, 09-05-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 38/14 നമ്പർ കേസിന്മേലുള്ള 10/04/2015-ലെ വിധിന്യായം.
2. സ.ഉ.(പി) നം.32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 29/03/2023-ലെ എ3/1561/2014/ട്രിഡ നമ്പർ കത്ത്
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 29/03/2025-ലെ കെ1/99440/15 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ സർവ്വേ നമ്പർ 456/8-ൽപ്പെട്ട 1.20 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 38/14 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി. ടി എൽ.എ.ആർ. കേസിന്റെ ബാലൻസ് വിധിക്കടത്തുകയായ 52,87,158/- രൂപ (അമ്പത്തിരണ്ട് ലക്ഷത്തി എൺപത്തേഴായിരത്തി ഒരുന്നൂറ്റി അമ്പത്തെട്ട് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ സർവ്വേ നമ്പർ 456/8-ൽ ഉൾപ്പെട്ടതും ശ്രീ. മത്തായി ജോർജ്ജ്, ശ്രീമതി. ലൂക്കോസ് കുഞ്ഞമ്മ എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 1.20 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 38/14 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 52,87,158/- രൂപ

(അമ്പത്തിരണ്ട് ലക്ഷത്തി എൺപത്തേഴായിരത്തി ഒരുന്നൂറ്റി അമ്പത്തെട്ട് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീ. മത്തായി ജോർജ്ജ് (റ്റി.സി.11/580, നന്തൻകോട്, തിരുവനന്തപുരം), ശ്രീമതി. ലൂക്കോസ് കുഞ്ഞമ്മ (റ്റി.സി.11/580, നന്തൻകോട്, തിരുവനന്തപുരം) എന്നിവർക്ക് '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYAKUMARI P**

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. മത്തായി ജോർജ്ജ്, റ്റി.സി.11/580, നന്തൻകോട്, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീമതി. ലൂക്കോസ് കുഞ്ഞമ്മ, റ്റി.സി.11/580, നന്തൻകോട്, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/11/2025/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 09-05-2025 11:18:39
സെക്ഷൻ ഓഫീസർ